# അനന്തപുരി


www.keralakaumudi.com www.facebook.com/keralakaumudi





## സിറ്റി കൗമുദിയിൽ

- നമ്മുടെ വിമാനത്താവളം 100 ശതമാനം സ്വകാര്യം
- കാനനഭംഗി നിറഞ്ഞ കൗതുകലോകം
- ചലച്ചിത്രമേളയ്ക്ക് പത്തരമാറ്റ്


## വെൺപാലവട്ടം ശാഖ

തിരുവനന്തപുരം : എസ്.എൻ.ഡി.പി. യോഗം വെൺപാലവട്ടം ശാഖ ഗുരുമന്ദിരത്തിൽ മാസ ചതയപൂജ നാളെ വൈകിട്ട് 7ന് ഗുരുപൂജ, സമൂഹ പ്രാർത്ഥന, വിദ്യാഭ്യാസ നിധി, ചിട്ടി നറുക്കെടുപ്പ്, ആശ്രിത പെൻഷൻ, വിധവാ പെൻഷൻ, ചികിത്സാസഹായം എന്നിവയുടെ വിതരണവും ഉണ്ടായിരിക്കുമെന്ന് ശാഖാ സെക്രട്ടറി ജി. സുരേഷ് കുമാർ അറിയിച്ചു.

## ചാക്ക ശാഖ

തിരുവനന്തപുരം : എസ്.എൻ.ഡി.പി യോഗം ചാക്ക ശാഖയിലെ ഗുരുസ്മൃതി വനിതാ സ്വയം സഹായ സംഘം വാർഷിക പൊതുയോഗം ശാഖ പ്രസിഡന്റ് കെ. അജയകുമാറിന്റെ അദ്ധ്യക്ഷതയിൽ എസ്.എൻ. ട്രസ്റ്റ് ബോർഡംഗം എൻ. മോഹൻദാസ് ഉദ്ഘാടനം ചെയ്തു. മൈക്രോ ഫിനാൻസ് കോ - ഓർഡിനേറ്റർ ഹേമമാലിനി മുഖ്യപ്രഭാഷണം നടത്തി. യൂണിയൻ കൗൺസിലർ പി.എസ്. പ്രേമചന്ദ്രൻ, എ. പ്രഭാകരൻ, ശാഖാ സെക്രട്ടറി കെ. സനൽകുമാർ, ചാക്ക രാജീവ്, എൽ. സുഗദേവൻ, സതിരാജ് എന്നിവർ സംസാരിച്ചു. ബി. അംബിക സ്വാഗതവും രമ നന്ദിയും പറഞ്ഞു.

## വെട്ടുകാട് ശാഖ

തിരുവനന്തപുരം : എസ്.എൻ.ഡി.പി യോഗം വെട്ടുകാട് ശാഖയിൽ ചതയദിനമായ നാളെ വൈകിട്ട് 6ന് ശാഖാ ആസ്ഥാന ഗുരുമന്ദിരത്തിൽ ആൾസെയിന്റ്സ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഗുരുമാഹാത്മ്യം വനിതാ സ്വയം സഹായ സംഘത്തിന്റെ വകയായി ഗുരുപൂജ, സമൂഹ പ്രാർത്ഥന, പായസ വിതരണവും പ്രതിമാസ പെൻഷൻ വിതരണവും നടക്കും. തുടർന്ന് ശാഖാ എക്സിക്യൂട്ടീവ് യോഗവും ഉണ്ടായിരിക്കുമെന്ന് ശാഖാ സെക്രട്ടറി എൻ. മോഹൻദാസ് അറിയിച്ചു.

## കുളത്തൂർ വടക്കുംഭാഗം ശാഖ

തിരുവനന്തപുരം: എസ്.എൻ.ഡി.പി യോഗം കുളത്തൂർ വടക്കുംഭാഗം ശാഖയിലെ ചതയ പൂജ നാളെ വൈകിട്ട് 7ന് ശാഖ ഹാളിൽ നടക്കും. പൂജ കഴിഞ്ഞ് പ്രസാദ വിതരണവും, നിർദ്ധനർക്കുള്ള പെൻഷൻ വിതരണവും ഉണ്ടായിരിക്കുന്നതാണെന്ന് പ്രസിഡന്റ് ജി.മധുസൂദനനും സെക്രട്ടറി എസ്.ദേവരാജനും വാർത്താകുറിപ്പിൽ അറിയിച്ചു.

## ചതയദിന അന്നദാനം

തിരുവനന്തപുരം : എസ്.എൻ.ഡി.പി. യോഗം പത്രാധിപർ കെ. സുകുമാരൻ സ്മാരക തിരുവനന്തപുരം യൂണിയന്റെ ചതയദിന അന്നദാന ഫണ്ടിലേക്ക് എ. ശ്രീനിവാസന്റെയും എൻ.ബി. ദമയന്തിയുടെയും 30-ാം വിവാഹ വാർഷികത്തോടനുബന്ധിച്ച് 1001/- രൂപ സംഭാവന നൽകിയതായി യൂണിയൻ സെക്രട്ടറി ആലുവിള അജിത്ത് അറിയിച്ചു.

## ആത്മോപദേശ ശതകം പഠനക്ലാസ്

തിരുവനന്തപുരം : ശ്രീനാരായണ ഗുരുവിന്റെ ആത്മോപദേശ ശതകം നടരാജഗുരു, ഗുരു നിത്യചൈതന്യയതി, ഗുരു മുനി നാരായണ പ്രസാദ് എന്നിവരുടെ വ്യാഖ്യാനത്തെക്കുറിച്ച് ഡോ.എസ്.കെ. രാധാകൃഷ്ണന്റെ പ്രഭാഷണവും കെ. സുലോചനന്റെ ഗുരുകൃതി പാരായണവും ഇന്ന് വൈകിട്ട് 5.30ന് ഉണ്ടായിരിക്കും. ആത്മോപദേശ ശതകം 76 മുതൽ 80 വരെയുള്ള പദ്യങ്ങളാണ് ചർച്ച ചെയ്യുന്നത്. കൺവീനർ എസ്. ശ്രീകണ്ഠൻ അറിയിച്ചു. വിവരങ്ങൾക്ക് ഫോൺ : 9633438005.

## പേട്ട ശ്രീനാരായണ ഗുരുദേവ മണ്ഡപത്തിൽ ചതയപൂജ

തിരുവനന്തപുരം : പേട്ട ശ്രീനാരായണ ഗുരുദേവ മണ്ഡപത്തിലെ ചതയപൂജ വെള്ളിയാഴ്ച വൈകിട്ട് 6.30ന് നടക്കുന്നതാണ്. മണ്ഡല പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ രക്ഷാധികാരി സി.പി. സേതുനാഥൻ പെൻഷൻ വിതരണം, വിദ്യാഭ്യാസ സഹായം എന്നിവ വിതരണം ചെയ്യും. ഈ യോഗത്തിൽ മണ്ഡലം സെക്രട്ടറി എസ്. മിത്രൻ പങ്കെടുക്കുന്നതാണ്.

## വാണിജ്യ വ്യാപാര ലൈസൻസിന് അപേക്ഷിക്കാൻ പരിശീലനം

തിരുവനന്തപുരം : നഗരസഭയുടെ വാണിജ്യ വ്യാപാര ലൈസൻസ് അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിന് നാളെ ഉച്ചയ്ക്ക് 2ന് നഗരസഭയിലെ കോഫി ഹൗസിന് മുകളിലുള്ള ഹാളിൽ വ്യാപാരി വ്യവസായി സംഘടനകളുടെ പ്രതിനിധികൾക്ക് പരിശീലനം നൽകും. ഇൻഫർമേഷൻ കേരള മിഷനാണ് പരിശീലനം നൽകുന്നത്. ഓരോ സംഘടനയും കംപ്യൂട്ടർ പരിജ്ഞാനമുള്ള 5 പ്രതിനിധികളെ വീതം പങ്കെടുപ്പിക്കണം. അക്ഷയ കേന്ദ്രങ്ങളുടെ സംരംഭകർക്കായി നടത്തിയ പരിശീലനത്തിൽ പങ്കെടുക്കാൻ കഴിയാതിരുന്ന സംരംഭകർക്കും ഇതിൽ പങ്കെടുക്കാം.

## സ്കൂൾ വാർഷികം

തിരുവനന്തപുരം: മൺവിള ഭാരതീയ വിദ്യാഭവൻ സീനിയർ സെക്കൻഡറി സ്കൂളിലെ വാർഷികദിനാഘോഷം 15ന് കേരള യൂണിവേഴ്സിറ്റി വൈസ്ചാൻസലർ ഡോ. വി.പി. മഹാദേവൻ പിള്ള ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം എൻജിനിയറിംഗ് കോളേജ് ഡയമണ്ട് ജൂബിലി ഹാളിൽ നടക്കുന്ന പരിപാടിയിൽ ഭാരതീയ വിദ്യാഭവൻ തിരുവനന്തപുരം കേന്ദ്രം ചെയർമാൻ കെ.എസ്. പ്രേമചന്ദ്രക്കുറുപ്പ് അദ്ധ്യക്ഷത വഹിക്കും. പ്രിൻസിപ്പൽ രാധാവിശ്വകുമാർ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കും. ഡോ. വി ഉണ്ണികൃഷ്ണൻ നായർ, പ്രൊഫ.സി.മോഹനകുമാർ എന്നിവർ സംസാരിക്കും. അമീഷ ടി. സൂസൻ സ്വാഗതവും നന്ദഗോപൻ എസ്. നായർ നന്ദിയും പറയും.

## റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കണം

തിരുവനന്തപുരം: ദീർഘകാലമായി തകർന്ന് കിടക്കുന്ന ശാസ്തമംഗലം- പേരൂർക്കട റോഡ് ഉടൻ ശരിയാക്കണമെന്ന് ഇന്ത്യൻ നാഷണൽ കോൺഗ്രസ് ശാസ്തമംഗലം കമ്മിറ്റി ആവശ്യപ്പെട്ടു. എത്രയും പെട്ടെന്ന് റോഡ് പണി ആരംഭിച്ചില്ലെങ്കിൽ കെ.മുരളീധരൻ എം.എൽ.എയുടെ നേതൃത്വത്തിൽ പ്രദേശത്തെ റസിഡന്റ്സ് അസോസിയേഷനുകൾ, മറ്റ് സംഘടനകൾ എന്നിവയെ ഉൾപ്പെടുത്തി ഉപരോധസമരം ആരംഭിക്കുമെന്ന് മണ്ഡലം പ്രസിഡന്റ് വി.മധുചന്ദ്രൻ അറിയിച്ചു.

## വാക്ക് ഇൻ ഇന്റർവ്യൂ

തിരുവനന്തപുരം: വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളേജിലെ ഇലക്ട്രിക്കൽ എൻജിനിയറിംഗ് വിഭാഗത്തിൽ ഒഴിവുള്ള ഒരു ലക്ചറർ തസ്തികയിൽ താത്കാലിക നിയമനത്തിനുള്ള അഭിമുഖം 17ന് നടക്കും. ബന്ധപ്പെട്ട വിഷയത്തിൽ ഫസ്റ്റ് ക്ലാസോടെ ബി.ടെക് ആണ് യോഗ്യത. നിശ്ചിത യോഗ്യതയുള്ളവർ അസൽ സർട്ടിഫിക്കറ്റുകളുമായി രാവിലെ 10ന് കോളേജിൽ ഹാജരാകണം. ഫോൺ- 0471 2360391.

# പ്രഖ്യാപനങ്ങളിലൊതുങ്ങിയ പദ്ധതി

KAUMUDI ALERT

▶ഷാജിമോൻ

കോവളം: കരമനയാറിന് പുതുജീവനേകാൻ ലക്ഷ്യമിട്ട പരിസ്ഥിതി സൗഹൃദ വിനോദ സഞ്ചാര പദ്ധതി പ്രഖ്യാപനത്തിൽ ഒതുങ്ങുന്നു.

പദ്ധതിയുടെ രൂപരേഖ തയ്യാറാക്കാൻ പദ്ധതിയിട്ടെങ്കിലും തുടർ നടപടിയുണ്ടായില്ല. കേന്ദ്രമന്ത്രി അൽഫോൺസ് കണ്ണന്താനം പദ്ധതിയുടെ പ്രഖ്യാപനം നടത്തുക മാത്രമാണുണ്ടായത്.

തിരുവല്ലം ക്ഷേത്രവും കരമനയാറും ചേർത്തുള്ള 300 കോടി പദ്ധതിയുടെ രൂപരേഖയാണ് ആദ്യം കേന്ദ്രത്തിന് സമർപ്പിച്ചത്. എന്നാൽ പദ്ധതി തുക കൂടുതലായതിനാൽ ചില മാറ്റങ്ങൾ വരുത്തി പദ്ധതി 100 കോടിയായി ചുരുക്കുകയായിരുന്നു.

പുതിയ പദ്ധതിക്കായുള്ള രൂപരേഖ തയ്യാറാക്കാൻ കേന്ദ്ര ഏജൻസിയെ ചുമതലപ്പെടുത്തിട്ടുണ്ട്. പദ്ധതി നടപ്പിലായാൽ വിനോദസഞ്ചാര മേഖലയിൽ സംസ്ഥാന സർക്കാരിന് നല്ല വരുമാനവും ലഭിക്കും.

ഒ. രാജഗോപാൽ എം.എൽ.എ മുൻകൈയെടുത്താണ് പദ്ധതി കൊണ്ടുവന്നത്. അടുത്തിടെ കരമനയാർ സംരക്ഷണത്തിന് സർക്കാരും പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. മാലിന്യമുക്തമാക്കുകയെന്നതാണ് പ്രധാന ദൗത്യം.

ഇതുസംബന്ധിച്ച് ജലസേചന വകുപ്പ് പദ്ധതിയുടെ റിപ്പോർട്ട് തയ്യാറാക്കാനും തീരുമാനിച്ചു



### പദ്ധതിയുടെ ലക്ഷ്യങ്ങൾ

കരമന പാലം - തിരുവല്ലം പാലം വരെ 14 കിലോമീറ്റർ ദൂരം നദിയെ ബന്ധിപ്പിച്ചുള്ള പദ്ധതിയാണിത്. കേരളത്തിന്റെ സാംസ്കാരിക ചരിത്രവുമായി ബന്ധമുള്ള പരശുരാമക്ഷേത്രങ്ങളിലൊന്നായ തിരുവല്ലം ക്ഷേത്രത്തിൽ ഗുജറാത്തിലെ സബർമതി മാതൃകയിലുള്ള നിർമ്മാണങ്ങളാണ് ലക്ഷ്യമിട്ടത്. കോവളത്തെത്തുന്ന വിനോദസഞ്ചാരികളെ തിരുവല്ലത്തേക്കും കരമന നദീതീരത്തേക്കും ആകർഷിക്കുകയാണ് പദ്ധതിയുടെ മറ്റൊരു ലക്ഷ്യം. പരിസ്ഥിതിസൗഹൃദ വിനോദസഞ്ചാര പദ്ധതി നടപ്പിലായാൽ തലസ്ഥാന നഗരത്തിന് വിനോദസഞ്ചാര മേഖലയിൽ വീണ്ടും കരുത്തുപകരും. നദിയുടെ സ്വാഭാവിക പരിസ്ഥിതിഘടനയ്ക്ക് കോട്ടം തട്ടാതെയും ജലമലിനീകരണമില്ലാതെയും പദ്ധതി നടപ്പാക്കുകയാണ് ലക്ഷ്യം. നദിയുടെ ജൈവവ്യവസ്ഥയെ ബാധിക്കാത്ത തരത്തിലാകും നിർമ്മാണം

### പദ്ധതി ചെലവ്

**100** കോടി

### നടപ്പാക്കുന്നത്

കരമന പാലം - തിരുവല്ലം പാലം വരെയുള്ള 14 കിലോമീറ്റർ ഭാഗത്ത്

### പദ്ധതിയിലുള്ളത്

- ഇരുകരകളിലും വിനോദത്തിനും പൊതുപരിപാടികൾക്കുമായി 500 പേർക്ക് ഇരിക്കാവുന്ന തരത്തിലുള്ള ഓപ്പൺസ്റ്റേജ് മാതൃകയിൽ ആംഫി തിയേറ്റർ.
- പാലങ്ങൾക്ക് അരികിലെ വഴികളിൽ കിയോസ്കുകൾ
- നാട്ടുകാർക്ക് യോഗയ്ക്കും പ്രഭാതസവാരിക്കും വ്യായാമത്തിനുമുള്ള സൗകര്യം
- നദീതീരത്ത് മരങ്ങളും പച്ചപ്പുല്ലും നട്ട് പക്ഷികൾക്കും ജീവജാലങ്ങൾക്കും ആവാസവ്യവസ്ഥ ക്രമീകരിക്കൽ

# കൈത്തറി തൊഴിലാളികൾ നിയമസഭാ മാർച്ച് നടത്തി

തിരുവനന്തപുരം: സ്കൂൾ യൂണിഫോമിന് കൈത്തറി വസ്ത്രങ്ങൾ മാത്രമാക്കണമെന്നും പവർലൂമിൽ നെയ്ത വസ്ത്രങ്ങൾ അനുവദിക്കരുതെന്നും ആവശ്യപ്പെട്ട് ഹാൻഡ്‌ലൂം സൊസൈറ്റീസ് അസോസിയേഷന്റെ നേതൃത്വത്തിൽ നിയമസഭയിലേക്ക് നടത്തിയ മാർച്ച് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു. നെയ്ത്തുകാർക്ക് കണ്ണടകൾ നൽകണമെന്നും കൂലി കൂട്ടണമെന്നും ചെന്നിത്തല ആവശ്യപ്പെട്ടു.

സ്ത്രീകൾ ഉൾപ്പെടെ പാളയത്തുനിന്ന് ആരംഭിച്ച മാർച്ച് നിയമസഭയ്ക്ക് മുന്നിൽ വച്ച് പൊലീസ് തടഞ്ഞു. സഹകരണ ജനാധിപത്യ വേദി പ്രസിഡന്റ് കരകുളം കൃഷ്ണപിള്ള അദ്ധ്യക്ഷത വഹിച്ചു.

എം.എൽ.എ മാരായ റോഷി അഗസ്റ്റിൻ, കെ.എൻ.എ. ഖാദർ, മുൻ എം.എൽ.എ ശരത് ചന്ദ്രപ്രസാദ് തുടങ്ങിയവർ സംസാരിച്ചു. ബാലരാമപുരം കരിം സ്വാഗതം പറഞ്ഞു.



കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി പവർലൂമിലേയ്ക്ക് മാറ്റരുത് എന്നാവശ്യപ്പെട്ടുകൊണ്ട് ഹാന്റ്‌ലൂം സൊസൈറ്റീസ് അസോസിയേഷന്റെ നേതൃത്വത്തിൽ കൈത്തറി തൊഴിലാളികളുടെ നിയമസഭാ മാർച്ച് ഉദ്ഘാടനം ചെയ്യാനെത്തിയ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പരമ്പരാഗത വസ്ത്ര നിർമ്മാണതറിയിൽ വസ്ത്രം നെയ്ത് നോക്കുന്നു. എം.എൽ.എമാരായ കെ.എൻ.എ ഖാദർ, റോഷി അഗസ്റ്റിൻ, കെ.പി.സി.സി ജനറൽ സെക്രട്ടറി ശരത്ചന്ദ്ര പ്രസാദ് തുടങ്ങിയവർ സമീപം.

# മത്സ്യവിപണന സ്ത്രീകളോട് സർക്കാർ നീതി പുലർത്തണം

തിരുവനന്തപുരം: മത്സ്യവിപണന സ്ത്രീകൾക്കുള്ള വനിതാ ബസ് സർവീസ് പുനരാരംഭിക്കണമെന്നും ഓൺലൈൻ മത്സ്യവില്പന ആരംഭിക്കാനുള്ള മത്സ്യഫെഡിന്റെ നീക്കം പിൻവലിക്കണമെന്നും കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ ജില്ലാ സമ്മേളനം സർക്കാരിനോട് ആവശ്യപ്പെട്ടു.

തിരുവനന്തപുരം ഐക്കഫ് സെന്ററിൽ സംഘടിപ്പിച്ച സമ്മേളനം നാഷണൽ ഫിഷ് വർക്കേഴ്സ് ഫോറം ജനറൽ സെക്രട്ടറി ടി. പീറ്റർ ഉദ്ഘാടനം ചെയ്തു. ഫെഡറേഷൻ വൈസ് പ്രസിഡന്റ് ആന്റോ ഏലിയാസ് മത്സ്യമേഖലയിലെ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു. ജില്ലാ പ്രസിഡന്റായി വലേരിയൻ ഐസക്കും സെക്രട്ടറിയായി ജനറ്റ് ക്ലീറ്റസും വൈസ് പ്രസിഡന്റായി ബാദുഷ കോവളവും ജോയിന്റ് സെക്രട്ടറിയായി ടീസ ജോണും തിരഞ്ഞെടുക്കപ്പെട്ടു.



കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ ജില്ലാ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട വലേരിയൻ ഐസക്കും സെക്രട്ടറി ജനറ്റ് ക്ലീറ്റസും



വന്യജീവികളുടെ കടന്നാക്രമണത്തിൽ നിന്ന് കൃഷിയെയും കർഷകരെയും സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് കേരള കർഷകസംഘത്തിന്റെ നേതൃത്വത്തിൽ വഴുതക്കാട് വനംവകുപ്പ് ആസ്ഥാനത്ത് നടത്തിയ ധർണ കോലിയക്കോട് കൃഷ്ണൻ നായർ ഉദ്ഘാടനം ചെയ്യുന്നു



ശബരിമല വിഷയത്തിൽ സെക്രട്ടേറിയറ്റിന് മുന്നിൽ നിരാഹാരമനുഷ്ഠിക്കുന്ന ബി.ജെ.പി മുൻ സംസ്ഥാന പ്രസിഡന്റ് സി.കെ പത്മനാഭനെ സമരപ്പന്തലിൽ സന്ദർശിക്കാനെത്തിയ ഗാന്ധിയൻ അയ്യപ്പൻപിള്ള. ഒ. രാജഗോപാൽ എം.എൽ.എ, പി. അശോക് കുമാർ തുടങ്ങിയവർ സമീപം

## രാഷ്ട്രീയ ലക്ഷ്യംവച്ചുള്ള പാഠ്യപദ്ധതി മാറ്റം സമൂഹം അംഗീകരിക്കില്ല: എം.കെ. മുനീർ

തിരുവനന്തപുരം: രാഷ്ട്രീയ ലക്ഷ്യം വച്ചുള്ള പാഠ്യപദ്ധതി മാറ്റം സമൂഹം അംഗീകരിക്കില്ലെന്ന് പ്രതിപക്ഷ ഉപനേതാവ് എം.കെ. മുനീർ പറഞ്ഞു. കേരള സ്കൂൾ ടീച്ചേഴ്സ് യൂണിയൻ (കെ.എസ്.ടി.യു) സംസ്ഥാന കമ്മിറ്റിയുടെ സെക്രട്ടേറിയറ്റ് സമരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസമേഖലയിൽ അനിശ്ചിതാവസ്ഥയാണെന്നും അദ്ദേഹം പറഞ്ഞു. അദ്ധ്യാപകർക്ക് നിയമനാംഗീകാരവും ശമ്പളവും നൽകുക, ശമ്പള പരിഷ്കരണ നടപടികൾ ആരംഭിക്കുക, പങ്കാളിത്ത പെൻഷൻ ഉപേക്ഷിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു സമരം. സംസ്ഥാന പ്രസിഡന്റ് എ.കെ. സൈനുദ്ധീന്റെ അദ്ധ്യക്ഷതയിൽ പി. ഉബൈദുള്ള എം.എൽ.എ, അഡ്വ.എൻ. ഷംസുദ്ദീൻ എം.എൽ.എ, ടി.വി. ഇബ്രാഹിം, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ തുടങ്ങിയവർ സംസാരിച്ചു.

## സൗജന്യ ചികിത്സാ പദ്ധതി ഉടൻ നടപ്പിലാക്കണം

തിരുവനന്തപുരം: സംസ്ഥാന സർവീസ് പെൻഷൻകാരുടെയും കുടുംബ പെൻഷൻകാരുടെയും സൗജന്യ ആരോഗ്യ ചികിത്സാ പദ്ധതി ഉടൻ നടപ്പിലാക്കണമെന്നും കുടിശിക, ക്ഷാമബത്ത എന്നിവ ഉടൻ അനുവദിക്കണമെന്നും കേരള സ്റ്റേറ്റ് സർവീസ് പെൻഷണേഴ്സ് അസോസിയേഷൻ മെഡിക്കൽ കോളേജ് മണ്ഡലം സമ്മേളനം ആവശ്യപ്പെട്ടു.

സമ്മേളനം സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം വി. മധുസൂദനൻ ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് എ. വിജയകുമാർ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ വൈസ് പ്രസിഡന്റ് ആർ. രാധാകൃഷ്ണൻ നായർ, ജില്ലാ ജോയിന്റ് സെക്രട്ടറി അംബികുമാർ, നിയോജകമണ്ഡലം പ്രസിഡന്റ് കെ. വിജയകുമാർ, സെക്രട്ടറി മുരളീധരൻ, ജെ. രാജേന്ദ്രകുമാർ, സംസ്കാര സാഹിതി സംസ്ഥാന സെക്രട്ടറി ഉണ്ണികൃഷ്ണൻ, കോരാണി വിജയൻ, മോഹനൻ, സാമുവൽ എന്നിവർ സംസാരിച്ചു. സെക്രട്ടറി ഹരിലാൽ സ്വാഗതവും ട്രഷറർ ഭുവനേന്ദ്രൻ നന്ദിയും പറഞ്ഞു.

## ചർച്ച നടത്താത്തത് ജനാധിപത്യവിരുദ്ധം : വി.എസ്. ശിവകുമാർ

തിരുവനന്തപുരം : മൂന്ന് നിയമസഭാ സാമാജികർ സഭാ കവാടത്തിൽ കഴിഞ്ഞ 10 ദിവസമായി തുടരുന്ന സത്യാഗ്രഹം സർക്കാർ കണ്ടില്ലെന്ന് നടിക്കുന്നത് ജനാധിപത്യ വിരുദ്ധമാണെന്ന് വി.എസ്. ശിവകുമാർ എം.എൽ.എ പറഞ്ഞു.

സമരപഥങ്ങളിലൂടെ വന്നെന്ന് അവകാശപ്പെടുന്ന മുഖ്യമന്ത്രിയുടെ നിലപാട് ഫാസിസ്റ്റ് സമീപനമാണ്.

ശബരിമലയിൽ ഇപ്പോൾ ഒരു പ്രശ്നവുമില്ലെന്ന് ഹൈക്കോടതി തന്നെ വെളിപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ നിരോധനാജ്ഞ പിൻവലിക്കാത്തത് ശബരിമലയെ തകർക്കാനുള്ള ബോധപൂർവമായ തീരുമാനത്തിന്റെ ഭാഗമാണ്. മുൻവർഷങ്ങളെ അപേക്ഷിച്ച് നാലിലൊന്ന് ഭക്തർ പോലും ഇതുവരെ എത്തിച്ചേർന്നിട്ടില്ല.

ഇതുവരെ ദർശനത്തിനെത്തിയ ഭക്തരുടെ കണക്ക് ദേവസ്വം ബോർഡ് പുറത്തുവിട്ടിട്ടില്ലെന്നും ശിവകുമാർ പറഞ്ഞു.

## ചതയദിന പൂജ

കോവളം: കോളിയൂർ അഖിലൻ തന്ത്രി സ്മാരക ഗുരുമന്ദിരത്തിലെ ചതയദിന പൂജ വെള്ളിയാഴ്ച നടക്കും. രാവിലെ 8 മുതൽ ഗുരുദേവ സഹസ്രനാമ പുഷ്പാർച്ചന, സമൂഹ പ്രാർത്ഥന, ഗുരുദേവ ഭാഗവത പാരായണം എന്നിവ ഉണ്ടാകും. പൂജ വെള്ളാർ ആരാമം ഹൗസിൽ എസ്. വിക്രമനും കുടുംബാംഗങ്ങളും സമർപ്പണമായി നടത്തും.



എല്ലാ വിദ്യാലയങ്ങളിലും പ്രീപ്രൈമറി ക്ലാസുകൾ ആരംഭിക്കുക, ഓണറേറിയം നിശ്ചിത തീയതിക്കുള്ളിൽ വിതരണം ചെയ്യുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് കേരള സ്റ്റേറ്റ് പ്രീപ്രൈമറി ടീച്ചേഴ്സ് അസോസിയേഷൻ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ സെക്രട്ടേറിയറ്റ് ധർണയുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ മധു നിർവഹിക്കുന്നു

# തലച്ചോറിലെ മാറ്റം ആത്മീയതയിലേക്ക് നയിക്കാം: ശ്രീ എം

തിരുവനന്തപുരം: തലച്ചോറിലുണ്ടാകുന്ന മാറ്റങ്ങൾ ഒരാളെ ആത്മീയതയിലേക്ക് നയിക്കാമെന്ന് ആത്മീയാചാര്യൻ ശ്രീഎം പറഞ്ഞു. ആർ.സി.സിയിൽ തലച്ചോറ്, മനസ്, ആത്മീയത എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

തലച്ചോർ സങ്കീർണമായ ഒരു കമ്പ്യൂട്ടറിനെപ്പോലെയാണ്. അത് പ്രവർത്തിക്കുന്നത് മനസിന് കീഴിലാണ്. തലച്ചോറിന്റെ ഉത്പന്നമാണോ മനസ് എന്നതാണ് ഉയരുന്ന ചോദ്യം.

ഇക്കാര്യം ശാരീരികമായി തെളിയിക്കുക പ്രയാസമാണ്. നമ്മുടെ ശ്വാസോച്ഛ്വാസത്തെപ്പോലും സ്വാധീനിക്കാൻ മനസിനാകും. നമ്മുടെ 99 ശതമാനം തീരുമാനങ്ങളും ഉണ്ടാകുന്നത് ഉപബോധ മനസിലാണ്. ആത്മീയതയുടെ ശാസ്ത്രം എന്ന് പറയുന്നത് ഒരു വിശ്വാസമല്ല. മറിച്ച് ഒരാളുടെ ബോധത്തെ സൂക്ഷ്മതലത്തിൽ പ്രായോഗികമായി വിലയിരുത്തുകയാണ് ചെയ്യുന്നത്. ഇതാണ് തലച്ചോറും മനസും ആത്മീയതയും തമ്മിലുള്ള ബന്ധമെന്നും അദ്ദേഹം പറഞ്ഞു.

ആർ.സി.സി ഡയറക്ടർ ഡോ. രേഖാ നായർ അദ്ധ്യക്ഷയായിരുന്നു. വേൾഡ് ക്രിസ്ത്യൻ കൗൺസിൽ പ്രതിനിധി ഡോ. കെ.എം. ജോർജ്, മുൻ ഡി.ജി.പി ടി.പി. സെൻകുമാർ, ആർ.സി.സിയിൽ നിന്ന് വിരമിച്ച ചീഫ് എൻജിനിയർ രവികുമാർ തുടങ്ങിയവർ പങ്കെടുത്തു. 'ആർക്ക്' പ്രസിഡന്റ് കെ. സുജാതൻ സ്വാഗതം ആശംസിച്ചു.



ആർ.സി.സിയിൽ തലച്ചോറ്, മനസ്, ആത്മീയത എന്ന വിഷയത്തിൽ ശ്രീ എം പ്രഭാഷണം നടത്തുന്നു

## നേമം സർവീസ് സഹകരണ ബാങ്ക് തിരഞ്ഞെടുപ്പ്

തിരുവനന്തപുരം : നേമം സർവീസ് സഹകരണ ബാങ്ക് ഭരണസമിതിയിലേക്ക് എൽ.ഡി.എഫ് പാനലിനെ എതിരില്ലാതെ വീണ്ടും തിരഞ്ഞെടുത്തു.



ആർ. പ്രദീപ് കുമാർ (പ്രസിഡന്റ്)

എസ്. ബാലചന്ദ്രൻ നായർ, എ. സുൾഫിക്കർ, എസ്. സഫീറാബീഗം, എൽ. മധു, എം. അഹമ്മദ് സമീർ, ആർ. ഉണ്ണിക്കൃഷ്ണൻ, എ. ആർ. ബീന, എ. അജിതകുമാരി, എ. നൂർജഹാൻ, എൻ. ഹരിഹരൻ ആശാരി എന്നിവരാണ് ഭരണസമിതി അംഗങ്ങൾ. ആർ. പ്രദീപ് കുമാറിനെ ബാങ്ക് പ്രസിഡന്റായി തിരഞ്ഞെടുത്തു.

# കാലടി വോളി: കെ.എസ്.ഇ.ബിയും ശാന്തിവിളയും ഫൈനലിൽ

തിരുവനന്തപുരം: കാലടി വോളിബാൾ ടൂർണമെന്റിൽ ഇന്നലെ നടന്ന ഡിപ്പാർട്ട്മെന്റ് വിഭാഗം സെമിയിൽ കെ.എസ്.ഇ.ബി 25-19, 26-24, 25-20ന് സെന്റ് സ്റ്റീഫൻസ് കോളേജ് പത്തനാപുരത്തെ കീഴടക്കി ഫൈനലിൽ കടന്നു.

പ്രാദേശിക വിഭാഗം സെമിയിൽ ശാന്തിവിള അഞ്ച് സെറ്റ് നീണ്ട പോരാട്ടത്തിൽ സ്പോർട്ടിംഗ് യൂണിയൻ കള്ളിക്കാടിനെ തോൽപ്പിച്ച് ഫൈനലിലേക്ക് യോഗ്യത നേടി. ഇന്ന് വൈകിട്ട് 5.30ന് തുടങ്ങുന്ന സെമിയിൽ ശാന്തിവിള, സർഗവേദി വെള്ളറടയെ നേരിടും.

തുടർന്ന് നടക്കുന്ന ഡിപ്പാർട്ട്മെന്റ് വിഭാഗം ഫൈനലിൽ കെ.എസ്.ഇ.ബി എം.ജി. യൂണിവേഴ്സിറ്റിയുമായി ഏറ്റുമുട്ടും.


കൂടുതൽ പ്രാദേശിക വാർത്തകൾ പേജ് 3,5,9